"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – സഹകരണ അംഗ സമാശ്വാസനിധി പദ്ധതിയിലേയ്ക്കായി ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.341/2025/Co-Op തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.22/2018/സഹ തീയതി 22.06.2018
2. സ.ഉ.(കൈ)നം.34/2018/സഹ തീയതി 17.09.2018
3. സ.ഉ.(കൈ)നം.23/2020/സഹ തീയതി 02.11.2020
4. 13/05/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം.
5. സഹകരണ സംഘം രജിസ്ട്രാറുടെ 24/06/2025 ലെ പി &എം എ(4) 5468/2025 നം. കത്ത്.
6. ഇ.അനുമതി നം.AS/COP/25/43680

**ഉത്തരവ്**

1969 ലെ സഹകരണ നിയമം വകുപ്പ് 56(1) സി, ചട്ടം 53 (എ) എന്നിവ പ്രകാരം രൂപീകരിച്ച സഹകരണ അംഗ സമാശ്വാസനിധി പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം സ്കീം അംഗീകരിച്ച് ഉത്തരവാകുകയും തുടർന്ന്, പരാമർശം (2), (3) പ്രകാരം സ്കീമിൽ ഭേദഗതി വരുത്തുകയുണ്ടായി.

2. സഹകരണ അംഗ സമാശ്വാസനിധി പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ഭണാനുമതി ലഭിച്ചിരുന്നതും എന്നാൽ റിലീസ് അനുമതി ലഭ്യമാകാത്തതുമായ 420.00 ലക്ഷം രൂപ 2025-2026 ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിനും ബാക്കി തുക അഡീഷണൽ ഓതറൈസേഷൻ വഴി ലഭിക്കുന്നതിനുമുള്ള പ്രൊപ്പോസൽ

പരാമർശം (3) വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും, ടി പദ്ധതിയ്ക്കായി 2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 420.00 ലക്ഷം രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. സഹകരണ അംഗ സമാശ്വാസ നിധി പദ്ധതിയ്ക്കായി 420.00 ലക്ഷം രൂപ (നാന്നൂറ്റി ഇരുപത് ലക്ഷം രൂപ മാത്രം) 2025-2026 സാമ്പത്തികവർഷത്തിൽ 2425-800-93-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിന് ഭരണാനുമതി, റിലീസ് ഉത്തരവുകൾ നൽകണമെന്ന് പരാമർശം (5) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും 13/05/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, സഹകരണ അംഗ സമാശ്വാസ നിധി പദ്ധതിയ്ക്കായി 420.00 ലക്ഷം രൂപ (നാന്നൂറ്റി ഇരുപത് ലക്ഷം രൂപ മാത്രം) 2025-26 സാമ്പത്തിക വർഷത്തിൽ 2425-800-93-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/135/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 16-07-2025 15:41:09

സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.